"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം, ഇടുക്കി ജില്ലകൾ സംയുക്തമായി സംഘടിപ്പിച്ച 2016 വർഷത്തെ ഐ.ആർ.ഡി.പി/കുടുംബശ്രീ ഓണം-ബക്രീദ് വിപണന മേളയുടെ നടത്തിപ്പിനായി 14,65,134/- രൂപ ചെലവഴിച്ച നടപടിക്കും, വരവിനത്തെക്കാൾ അധികമായി വേണ്ടി വന്ന 2,60,434/- രൂപ ട്രേഡ് ഫെയർ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ടായിരുന്ന തുകയിൽ നിന്ന് ചെലവഴിച്ച നടപടിക്കും സാധൂകരണം നല്കി ഉത്തരവാകുന്നു.

## തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.2676/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/11/2019

പരാമർശം:- 1 എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 28.03.2017-ലെ ബി.2551/16/പി.എ.യു. നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

2 ഗ്രാമവികസന കമ്മീഷണറുടെ 08.08.2017-ലെ 10017/ഡിപി1/2016/സിആർഡി(1) നമ്പർ കത്ത്.

3 എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14.08.19-ലെ ഡി.പി.05-2071/16 നമ്പർ കത്ത്.

## ഉത്തരവ്

എറണാകുളം, ഇടുക്കി ജില്ലകൾ സംയുക്തമായി സംഘടിപ്പിച്ച 2016-ലെ ഐ.ആർ.ഡി.പി/കുടുംബശ്രീ ഓണം-ബക്രീദ് വിപണന മേളയുടെ നടത്തിപ്പിനായി 14,65,134/- രൂപ ചെലവ് വന്നതായും എറണാകുളം ജില്ലയിലെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള സ്പോൺസർഷിപ്പ്, ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള വരവും ഉൾപ്പെടെ 10,10,000/- രൂപയും, ഇടുക്കി ജില്ലയിലെ 2 ബ്ലോക്കുകളിൽ നിന്നുമായി 1,00,000/- രൂപയും, മേളയുടെ സെയിൽസ് കമ്മീഷൻ ഇനത്തിൽ ലഭിച്ച 94,700/- രൂപയും ഉൾപ്പെടെ 12,04,700/- രൂപയാണ് ആകെ വരവിനത്തിൽ ലഭ്യമായതെന്നും ബാക്കി തുകയായ 2,60,434/- രൂപ ട്രേഡ് ഫെയർ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ടായിരുന്ന തുകയിൽ നിന്നും ചിലവഴിച്ച നടപടിക്ക് സാധൂകരണം നൽകണമെന്നും സൂചന (1) പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

2) പിന്നോക്ക ജില്ലയായ ഇടുക്കിയുടെ പ്രാധാന്യവും, വിപണന മേളയിലുണ്ടായ ജനപങ്കാളിത്തവും കണക്കിലെടുത്ത്, ടി മേളയ്ക്ക് അധികമായി വേണ്ടി വന്ന 2,60,434/- രൂപ ട്രേഡ് ഫെയർ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ടായിരുന്ന തുകയിൽ നിന്ന് ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകാമെന്ന് സൂചന (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത മേളയുടെ വരവ്-ചലവ് കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ട് എന്ന് സൂചന (3) പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്ത്

സെക്രട്ടറി അറിയിച്ചിട്ടുമുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിന്നോക്ക ജില്ലയായ ഇടുക്കിയുടെ പ്രാധാന്യവും, വിപണന മേളയിലുണ്ടായ ജനപങ്കാളിത്തവും കണക്കിലെടുത്ത്, ഇടുക്കി, എറണാകുളം ജില്ലകൾ സംയുക്തമായി സംഘടിപ്പിച്ച 2016-ലെ ഐ.ആർ.ഡി.പി/കുടുംബശ്രീ ഓണം-ബക്രീദ് വിപണന മേളയുടെ നടത്തിപ്പിനായി മൊത്തം 14,65,134/- രൂപ ചെലവഴിച്ച നടപടിക്കും, മേളയുടെ നടത്തിപ്പിനായി വരവിനത്തെക്കാൾ അധികമായി വേണ്ടി വന്ന 2,60,434/- രൂപ ട്രേഡ് ഫെയർ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ടായിരുന്ന തുകയിൽ നിന്ന് ചെലവഴിച്ച നടപടിക്കും സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജു കുട്ടന്.എം.എസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്: സെക്രട്ടറി, എറണാകുളം ജില്ലാ പഞ്ചായത്ത്
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2019.__ 17:06:24 IST
Reason: Approved
സെക്ഷൻ ഓഫീസർ